LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
ആലപ്പുഴ	4,22,242
പത്തനംതിട്ട	1,87,503
കോട്ടയം	2,85,826
ഇടുക്കി	1,12,482
എറണാകുളം	3,73,733
തൃശ്ശൂർ	4,10,624
പാലക്കാട്	3,37,555
മലപ്പുറം	2,98,147
കോഴിക്കോട്	3,79,221
വയനാട്	93,509
കണ്ണൂർ	2,11,068
കാസർഗോഡ്	1,05,488
ആകെ	42,44,452

(ബി) 14,27,975 പേർ.

(സി&ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ പുനലൂർ

266 (T*2821) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ എന്ന സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ഫാമിലി കാർഡ് ഇല്ലാത്തതിനാൽ സ്ഥിരപ്പെടുത്തുവാൻ R.P.C. മാനേജ്മെന്റ് തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിൽ ശ്രീലങ്കയിൽ നിന്നും റിപ്പാടിയേറ്റ് ചെയ്യപ്പെട്ടതിൽ 700 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഓരോ കുടുംബത്തിൽനിന്നും രണ്ട് പേർക്ക് വീതം ജോലി നൽകുകയുണ്ടായി. അങ്ങനെ തൊഴിൽ ലഭിച്ചവർ പിരിഞ്ഞു പോകുമ്പോൾ, ആ കുടുംബത്തിന്റെ കുടുംബകാർഡിൽ പേരുള്ള അർഹരായവർക്ക് പകരം ജോലി നൽകിവരുന്നു. നിലവിൽ കമ്പനിയിലെ "പ്ലാന്റേഷൻ വർക്കർ" തസ്തികകൾ റിപ്പാടിയേറ്റുകൾക്കായി സംവരണം ചെയ്തിരിക്കുന്നു. പ്രസ്തുത കുടുംബ കാർഡുകളിൽ പേരുള്ളവരിൽ കമ്പനിയിലെ ജോലിക്ക് അർഹതയുള്ളവർ ഇല്ലാതിരിക്കുകയോ അതിന് അർഹതയുള്ളവർ കമ്പനിയിലെ ജോലിക്ക് വരാതിരിക്കുകയോ ചെയ്യുമ്പോഴാണ്, ആ കുടുംബത്തിൽപ്പെട്ടവർക്ക് ഇന്ത്യയിൽ വന്നശേഷം ജനിച്ച മക്കൾക്ക് താൽക്കാലിക ജോലി, കമ്പനിയിലെ വർക്കർമാരുടെ കുറവ് പരിഹരിക്കുന്നതിനു വേണ്ടി സർക്കാരിന്റെ ഉത്തരവനുസരിച്ച് നൽകിവരുന്നത്. ഇത്തരത്തിൽ ഈ സ്ഥാപനത്തിൽ താൽക്കാലികമായി ജോലി ചെയ്യുന്ന റിപ്പാടിയേറ്റുകളല്ലാത്ത തൊഴിലാളികളെയാണ് സ്ഥിരപ്പെടുത്താതിരിക്കുന്നത്.

(ബി) റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിൽ അർഹതയുള്ള റിപ്പാടിയേറ്റുകൾക്ക് കമ്പനിയിൽ ജോലി നൽകിയതിനുശേഷമേ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കാനാവുകയുള്ളൂ.

ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് അപ്രന്റീസ് ട്രെയിനിംഗ്

267 (2822) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി.ഐ. കോഴ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് അപ്രന്റീസ് ട്രെയിനിംഗ് നൽകി ബന്ധപ്പെട്ട ട്രേഡിൽ പരിചയം ഉറപ്പാക്കുകയും ജോലി

LIBRARY ARCHIVES Kerala Legislative Assembly